LIBRARY ARCHIVES Kerala Legislative Assembly

സിവിൽ സപ്ലൈസ് കോർപ്പറേഷൻ അരി മില്ലുകൾ സ്ഥാപിക്കൽ

212 (1246) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സപ്ലൈകോ കർഷകരിൽനിന്നും സംഭരിക്കുന്ന നെല്ല് അരിയാക്കി വിപണനം ചെയ്യുന്നതിന് വയനാട്, പാലക്കാട്, കുട്ടനാട് എന്നിവിടങ്ങളിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ അരിമില്ലുകൾ സ്ഥാപിക്കുമെന്ന 2013-14-ലെ ബജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനം നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ ;

(ബി) ഇതിനുവേണ്ടി ബജറ്റിൽ വകയിരുത്തിയ തുകയെത്രയായിരുന്നു ; ഇത് ചെലഴിക്കാൻ സാധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2013-14-ലെ ബജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ അരിമില്ലുകൾ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അരിമില്ലുകൾ സ്ഥാപിക്കുന്നതിന് കേരള സിവിൽ സപ്ലൈസ് കോർപ്പറേഷന് അനുയോജ്യമായ സ്ഥലം അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) അരിമില്ലുകൾ സ്ഥാപിക്കുന്നതിനായി 14 കോടി രൂപയാണ് ബജറ്റിൽ വകയിരുത്തിയിരുന്നത്. ഇത് ചെലവഴിച്ചിട്ടില്ല.

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ശൃംഖലവഴി വിതരണം ചെയ്യുന്ന ഉൽപ്പന്നങ്ങളുടെ വില വർദ്ധനവ്

213 (1247) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പൊതുവിതരണ ശൃംഖലവഴി വിതരണം ചെയ്യുന്ന ഏതെല്ലാം ഉൽപ്പന്നങ്ങളുടെ വില എത്ര തവണ വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ; വർദ്ധന എന്ന് നിരക്കിലായിരുന്നെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ ഉൽപ്പന്നങ്ങളുടെ നിലവിലെ വിലയും 2011 ജനുവരി മാസത്തെ വിലയും എത്രയെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പൊതുവിതരണ ശൃംഖലവഴി വിതരണം ചെയ്യുന്ന ഉൽപ്പന്നങ്ങളുടെ വില പുതുക്കി നിശ്ചയിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു.

(ബി) അനുബന്ധം 2 ആയി ചേർക്കുന്നു.*

സപ്ലൈകോ നിയമനങ്ങളും പ്രൊമോഷനും

214 (1248) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സപ്ലൈകോയിൽ സീനിയർ അസിസ്റ്റന്റ് ഗ്രേഡ് II ഗ്രേഡ് I എന്നീ തസ്തികകളിൽ കോർപ്പറേഷൻ ജീവനക്കാർക്കായി എത്ര പോസ്റ്റുകൾ അനുവദിച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ ;

(ബി) ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ 50% പ്രൊമോഷൻ, ഡെപ്യൂട്ടേഷൻ 50% എന്ന രീതി എസ്.എ.-II, എസ്.എ-I എന്നീ തസ്തികകളിലും അനുവദിക്കുന്നതിനുള്ള നിയമതടസ്സം എന്തെന്ന് വ്യക്തമാക്കാമോ ; സപ്ലൈകോ ജീവനക്കാർക്ക് 50% പ്രൊമോഷൻ അനുവദിക്കുന്നതിനായുള്ള 30/10 ഓർഡർ സ്റ്റേ നീക്കുന്നതിനുള്ള നടപടിക്രമം എന്താണ് ; വ്യക്തമാക്കാമോ ;

(സി) സപ്ലൈകോയിൽ സെയിൽസ്മാൻ എന്ന തസ്തിക ഇപ്പോൾ നിലവിലുണ്ടോ ; എത്ര പേർ നിലവിൽ ആ തസ്തികയിൽ ജോലി ചെയ്യുവരുന്നെന്ന് വ്യക്തമാക്കാമോ ;

(ഡി) സപ്ലൈകോയിൽ കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതി നടപ്പിൽ വരുന്നതിനും തടസ്സം എന്തെന്ന് വ്യക്തമാക്കാമോ ;

(ഇ) സപ്ലൈകോയിലെ സ്റ്റാഫ് പാറ്റേൺ പഠിക്കുന്നതിനായി നിയോഗിച്ച പ്രൊഡക്ടിവിറ്റി കൗൺസിൽ റിപ്പോർട്ട് സമർപ്പിച്ചുവോ ; പ്രസ്തുത റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly